വൈദ്യുതി ബോർഡിലെ വ്യയ ന്യൂനീകരണം

6 [881] ശ്രീ. കെ. എൻ. എ. ഖാദർ:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ ടി. പി. എം. സാഹിർ:
„ കളത്തിൽ അബ്ദുള്ള:
„ ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ബോർഡിൽ കമ്പനികളുടെ ആവിർഭാവത്തോടെ വ്യയന്യൂനീകരണം വരുത്തുന്നതിനും ലാഭകരമാക്കുന്നതിനും കഴിയുമോ?

ഉത്തരം

നിലവിലുള്ള ബോർഡിന്റെ സാമ്പത്തിക സ്ഥിതിയും ഇലക്ട്രിസിറ്റി ആക്റ്റ് 2003 അനുശാസിക്കുന്ന രീതിയിലുള്ള കമ്പനികളുടെ സാമ്പത്തിക ഘടനയും സംബന്ധിച്ച് പഠിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഒരു കൺസൾട്ടൻസിയെ നിയമിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കൺസൾട്ടൻസിയുടെ പഠനത്തിനുശേഷം മാത്രമേ പുതിയ സംവിധാനത്തിൽ എത്രത്തോളം വ്യയ ന്യൂനീകരണം വരുത്തുന്നതിനും ലാഭകരമാക്കുന്നതിനും സാദ്ധ്യതയുണ്ടെന്ന് പറയുവാൻ കഴിയുകയുള്ളൂ.

വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

7 [882] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ് കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കുടിശ്ശിക സംഖ്യയുടെ പലിശയും, പിഴ പലിശയും ഇളവ് ചെയ്ത് കുടിശ്ശിക പിരിവ് വേഗത്തിലാക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പോലുള്ള എന്തെങ്കിലും സ്കീം നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതത് നടപ്പാക്കാനുദ്ദേശമുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തു പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ് കുടിശ്ശിക 31-12-2003 വരെ 1047.824 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly